ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ഹൈക്കോടതിയുടെമേൽ നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) കുടുംബകോടതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഇക്കാര്യത്തിൽമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

112 (2425) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനത്തിലെ സംവരണം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനത്തിന് 1999 നവംബർ മാസത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതും നിയമനം നടത്തിയതും സുപ്രീം കോടതി വിധിയുടെയും ജോസഫ് കമ്മിഷന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിലുള്ള സംവരണതത്വം പാലിച്ചുകൊണ്ടായിരുന്നോ;

(ബി) അല്ലെങ്കിൽ പ്രസ്തുത സംവരണനയം മുൻസിഫ് - മജിസ്ട്രേറ്റു നിയമനങ്ങളിൽ മാത്രം പാലിക്കപ്പെടാതിരിക്കാൻ കാരണം എന്താണ്;

(സി) മുൻസിഫ് മജിസ്ട്രേറ്റ് നിയമനങ്ങളിൽ സംവരണതത്വം പാലിക്കേണ്ടതില്ലാ എന്ന് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള റാങ്ക്ലിസ്റ്റ് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനം നടത്തുന്നത് പി.എസ്.സി. യല്ല.

(ബി) സുപ്രീംകോടതിയുടെ മേൽത്തട്ടു വ്യവസ്ഥ സംബന്ധിച്ച വിധി പ്രസ്താവിക്കുന്നതിന് മുമ്പാണ് ഹൈക്കോടതി റാങ്ക്ലിസ്റ്റ് തയ്യാറാക്കിയതും അതിൻപ്രാകാരം നിയമനം നടത്തിയതും.

(സി) ഇല്ല.

(ഡി) സുപ്രീം കോടതി വിധിക്ക് മുൻകാല പ്രാബല്യമില്ലാത്തതിനാൽ റാങ്ക് ലിസ്റ്റ് പുനഃപരിശോധിക്കേണ്ട ആവശ്യകതയില്ല.

113 (2426) കണ്ണൂർ ജില്ലയിൽ അനുവദിച്ച കുടുംബകോടതി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ അനുവദിച്ച കുടുംബകോടതി എവിടെ സ്ഥാപിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ബി) നിർദ്ദിഷ്ട കോടതി കണ്ണൂർ നഗരത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)കണ്ണൂർ ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല. ഹൈക്കോടതിയു മായി കൂടിയാലോചിച്ചു മാത്രമേ കുടുംബകോടതിയുടെ ആസ്ഥാനം എവിടെ യാണെന്ന് തീരുമാനിക്കാൻ കഴിയൂ.

114 (2427) മാനന്തവാടിയിലെ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ ഒരു ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റു കോടതി ആരം ഭിക്കുന്നതിന് നിർദ്ദേശം ഉണ്ടായിരുന്നോ; എങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്നു മുതൽ ഈ കോടതി പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഈ കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണ്;

(ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അടിയ ന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) മാനന്തവാടിയിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റു കോടതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്.

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി)&(ഡി) ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

115 (2428) സൂര്യനെല്ലി സ്ത്രീപീഡനകേസ് വിചാരണ ചെയ്യു ന്നതിന് നിയമിതരായ സ്പെഷൽ പ്രോസിക്യൂട്ടർമാർ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂര്യനെല്ലി സ്ത്രീപീഡനക്കേസ് വിചാരണ ചെയ്യുന്ന സ്പെഷ്യൽ കോടതിയിൽ ഗവൺമെന്റ്ഭാഗം കേസ് നടത്തുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവർ ആരെല്ലാമാണെന്നും അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ ഔദ്യോഗിക സ്ഥാനമാനങ്ങൾ ഉണ്ടോയെന്നും വ്യക്ത മാക്കുമോ;

(സി) ഇവരുടെ നിയമന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഏതെല്ലാം ആനുകൂല്യങ്ങൾക്ക് ഇവർ അർഹരാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇന്നുവരെ ഈ കേസിന്റെ ആവശ്യവുമായി ബന്ധപ്പെട്ട് ഇവർ ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly